DESPATCHED
On.21/10/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 714(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 8879/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 28

ശ്രീ. ഷാജു സി.പി.
S/o പൗലോസ്,
ചങ്കൻ വീട്,
പി.ഒ. വി.ആർ. പുരം, ചാലക്കുടി. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ
കാര്യാലയം, സിവിൽ സ്റ്റേഷൻ,
അയ്യന്തോൾ,തൃശ്ശൂർ.

2) അപ്പീൽ അധികാരി,
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ
കാര്യാലയം, സിവിൽ സ്റ്റേഷൻ,
അയ്യന്തോൾ,തൃശ്ശൂർ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/03/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 21/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 09/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 14/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 27/09/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷാജു സി.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയത് അപ്പീൽ അധികാരി ശരിവയ്ക്കുകയാണുണ്ടായതെന്നും

ആയതിനാൽ ടിയാന്റെ അപ്പീലിൽ ചോദിച്ചിരിക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കി നൽകണമെന്നും ടിയാനെ അകാരണമായി ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 05.02.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ കീഴിലെ അവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, മുസ് പെറ്റ് സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങി 20 സഹകരണ സംഘങ്ങളുടെ താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. മേൽപ്പടി സംഘങ്ങൾക്കെതിരെ സഹകരണ നിയമം വകുപ്പ് 68 പ്രകാരമോ/ സഹകരണ ചട്ടം പ്രകാരമോ/സഹകരണ നിയമത്തിലെ മറ്റു ഏതെങ്കിലും സർച്ചാർജ് പോലെയുള്ള നടപടികൾ മുകളിൽ പറഞ്ഞ സംഘങ്ങളിലെ ഭരണസമിതികൾക്കെതിരെയോ, മുൻ ഭരണ സമിതി അംഗങ്ങൾക്കെതിരെയോ, അങ്ങയുടെ ഓഫീസ് കഴിഞ്ഞ 7 വർഷത്തിനുള്ളിൽ ചുമത്തി ഏതെങ്കിലും സർചാർജ് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും

ii. മേൽപ്പടി പ്രകാരം ഉത്തരവ് സർചാർജ് സംബന്ധിച്ച് ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞ ഏതെല്ലാം സംഘങ്ങൾക്കെതിരെയാകുന്നു എന്നും അവയുടെ പേര് വിവരം

iii. മേൽപ്പടി 1, 2 പ്രകാരം സർചാർജ് ഉത്തരവ് ഉണ്ടെങ്കിൽ ഉത്തരവ് തീയതി നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 8.3.2022 തീയതി ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നൽകിയ മറുപടിയിൽ അറിയിച്ചത്, വിവരാവകാശ അപേക്ഷയിൽ സഹകരണ നിയമം 68 പ്രകാരം നടത്തുന്ന സർചാർജ് നടപടികളെ കുറിച്ചാണ് ചോദിച്ചിരിക്കുന്നതെന്നും, സഹകരണ വകുപ്പ് 68 പ്രകാരം അന്വേഷണ വിചാരണയിലിരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നത് തുടർനടപടികളെ ബാധിക്കുമെന്നതിനാൽ ആയത് നൽകുവാൻ കഴിയുകയില്ലെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 21.02.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 20 സഹകരണ സംഘങ്ങളുടെ പേര് പറഞ്ഞുകൊണ്ട് സഹകരണ നിയമം 68 പ്രകാരം സർചാർജ് നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ്

ചോദിച്ചിരിക്കുന്നതെന്നും നിയമം 68 പ്രകാരം നടക്കുന്ന അന്വേഷണം സംബന്ധിച്ച വിവരങ്ങൾ നൽകുന്നത് അന്വേഷണത്തേയും തുടർനടപടികളേയും ദോഷകരമായി ബാധിക്കുന്നതാണെന്ന് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും, 4.4.2022 തീയതി പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് 11.5.2022 തീയതിയിൽ നടന്ന കൂടിക്കാഴ്ചയിൽ ടി വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതുമാണെന്നും മേൽ സാഹചര്യത്തിൽ ടി ഓഫീസിലെ എസ്.പി.ഐ.ഒ.യുടെ നടപടികളിൽ അപാകതകളില്ലെന്ന് കണ്ടുകൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ഷാജു സി.പി. 5.2.2022 തീയതി വച്ച് 9.2.2022 തീയതി ടി ഓഫീസിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തൃശ്ശൂർ ജില്ലയിലെ ഇരുപത് സഹകരണ സംഘങ്ങളുടെ പേര് പറഞ്ഞ് ടി സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കോ മുൻ ഭരണ സമിതി അംഗങ്ങൾക്കോ എതിരെ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ സഹകരണ നിയമം 68 പ്രകാരം സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നാണ്. സഹകരണ സംഘങ്ങളിലെ ക്രമപ്രകാരമല്ലാത്ത പ്രവർത്തികളിലൂടെ സംഘത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങളാണ് സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള സർചാർജ്ജ്. സഹകരണ നിയമം വകുപ്പ് 68 ചട്ടം 66 പ്രകാരമുള്ള അന്വേഷണ വിചാരണ നടത്തിയതിനു ശേഷമാണ് സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്നും അപേക്ഷകൻ അപേക്ഷയിൽ സഹകരണ നിയമം 68 പ്രകാരമോ/ മറ്റേതെങ്കിലും നിയമപ്രകാരമോ ചട്ടപ്രകാരമോ സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് എടുത്തു ചോദിച്ചിരുന്നു. സർചാർജ് നടപടികൾ പൂർത്തിയാകുന്നതിനു മുമ്പ് ആയതിന്റെ വിവരങ്ങൾ നൽകുന്നത് അന്വേഷണ വിചാരണയെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളതുകൊണ്ടാണ് വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചുകൊണ്ട് കത്ത് നൽകിയതെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ നടപടിക്കെതിരെ അപേക്ഷകൻ സമർപ്പിച്ച അപ്പീൽ തീർപ്പാക്കുന്നതിന്റെ മുന്നോടിയായി 11.5.2022-ന് അപ്പീൽ അധികാരി ഹർജിക്കാരനുമായി കൂടിക്കാഴ്ച നടത്തിയിരുന്നു എന്നും കൂടിക്കാഴ്ചയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലുള്ള നിയമപരമായ തടസ്സങ്ങൾ ടിയാനെ അറിയിച്ചിരുന്നു എന്നും കാര്യങ്ങൾ ബോധ്യപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയാണ് ടിയാനുമായി കൂടിക്കാഴ്ച നിശ്ചയിച്ചതെന്നും അപേക്ഷകനെ ബുദ്ധിമുട്ടിക്കുകയെന്ന യാതൊരു താത്പര്യവുമുണ്ടായിട്ടില്ലെന്നും കൂടിക്കാഴ്ചക്കു

ശേഷം അപ്പീൽ അപേക്ഷ തള്ളികൊണ്ട് 23.5.2022 പ്രകാരം കത്ത് നൽകിയിരുന്നു എന്നും ടി ഓഫീസിൽ നിന്നും അപേക്ഷകനു നൽകിയ കത്തുകളിലെ തീയതികളിൽ തെറ്റു സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ടൈപ്പിംഗിൽ സംഭവിച്ചുപോയ പിശക് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റേയും ഹർജിക്കാരനേയും എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് വർഷം വ്യക്തമായും പരാമർശിച്ചിട്ടും ടിയാന് പൊതുവായ ഒരു മറുപടിയാണ് നൽകിയതെന്ന് കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് നിലവിൽ ലഭ്യമായ വ്യക്തമായ മറുപടി 15.10.2022-നകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു. ആയതു പ്രകാരം സ്വീകരിച്ച നടപടി റിപ്പോർട്ട് 10.10.2022-നകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM